DESPATCHED
On 22/06/2020
5.3.20


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2396*(7)/2013*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15743**/*എസ്.ഐ.സി–ജി 6/13*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഭാസ്ക്കരൻ,
സനാതനം,
തിരുമല ഭാഗം പി.ഒ.,
ആലപ്പുഴ – 688 540.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തുറവൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
തുറവൂർ, ആലപ്പുഴ ജില്ല.

2. അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.08.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.08.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.10.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.11.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 07.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.എം.എൻ.ഭാസ്ക്കരൻ, 05.11.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 07.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് **AP.No.2396(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായതും ശരിയായതുമായ വിവരങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് അപ്പീൽ അധികാരി ഉത്തരവായിട്ടും ടി ഉത്തരവ് നടപ്പിലാക്കാത്ത ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.08.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 20.07.2013ൽ (ഇൻവേഡ് നം.5788) പരാതി നൽകിയിരുന്നുവെന്നും ടി പരാതിയിൽ എടുത്ത നടപടിയുടെ രേഖകളുടെ പകർപ്പ് നൽകണമെന്നും ബയോഗ്യാസ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് കരാറുകാരനുമായി ഉണ്ടാക്കിയ കരാറിന്റെ രേഖയുടെ പകർപ്പു നൽകണമെന്നും തുടങ്ങി രണ്ടിനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 21.08.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനായി പരാതി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 11.10.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ.യോട് ടിയാന്റെ അപേക്ഷയുടെ പകർപ്പ് ആവശ്യപ്പെട്ടതു പ്രകാരം ഹർജിക്കാരന്റെ 05.08.2013ലെ അപേക്ഷയുടെ പകർപ്പ് സൂക്ഷിച്ചിരുന്നില്ലെന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 12.03.2013ൽ 2125/- രൂപ ഗ്രാമപഞ്ചായത്തിൽ അടച്ചിരുന്നെങ്കിലും ആയത് നിർമ്മിച്ചു നൽകാത്തതിനാൽ 20.07.2013ൽ ടി ഓഫീസിൽ പരാതി നൽകിയിരുന്നുവെന്നും ആയതിന്മേൽ സ്വീകരിച്ച നടപടി രേഖകളുടെ പകർപ്പും പഞ്ചായത്തും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നവരുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പും ആവശ്യപ്പെട്ടാണ് ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നതെന്നുമാണ്. ടി സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തവും കൃത്യവുമായ മറുപടിയും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പും 10 ദിവസത്തനികം ടിയാന് സൗജന്യമായി നൽകുന്നതിന് എസ്.പി.ഐ.ഒ.യോട് നിർദ്ദേശിച്ച് ഉത്തരവായെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണ

മായ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. മാത്രമല്ല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കൈവശമാണ് വിവരങ്ങൾ ഉണ്ടായിരുന്നതെന്നു എസ്.പി.ഐ.ഒ. മൊഴി നൽകിയെങ്കിലും വിവരാവകാശ നിയമപ്രകാരം വിവര ങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് 5 ദിവസത്തിനകം കൈമാറിയിട്ടില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. മാത്രമല്ല അപ്പീൽ തീർപ്പാക്കൽ ഉത്തരവും ഒന്നാം എതിർകക്ഷി പാലിച്ചിട്ടില്ലെന്നും ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ കാണുന്നു. ടി വീഴ്ച വിരവാകാശ നിയമപ്രകാരം ഗുരുതരമാകയാൽ ടി ഒന്നാം എതിർകക്ഷി യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യ ത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാ നുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാ ണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീ കരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധി പ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പി ക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാ ണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/